LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ ജൈവകൃഷി പ്രോത്സാഹനം കൃഷി ഭവനുകളിലൂടെ നടപ്പിലാക്കാവുന്നതാണ്. 50 സെന്റ് മുതൽ ഒരു ഏക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക പുഷ്പവിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം എന്നതിലേക്ക് 10,000 രൂപ ധനസഹായം നൽകുന്നതാണ് പദ്ധതി.

(ബി) മാതൃകാ ജൈവകൃഷിത്തോട്ടങ്ങൾ രൂപപ്പെടുത്തുന്നതിന് കൃഷി ഭവനുകൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കപ്പെട്ട 2,59,880 രൂപ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കുറ്റ്യന്നൂർ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

221 (1660) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിലുള്ള കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറ്റ്യന്നൂർ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-2-2014-ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) ലേലകേന്ദ്രത്തിന് പിക്കപ്പ് വാൻ വാങ്ങുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; ധനകാര്യ വകുപ്പിലെ ഇതുസംബന്ധിച്ചുള്ള ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(സി) ലേലകേന്ദ്രത്തിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രസ്തുത ഫയൽ കൃഷി വകുപ്പിന്റെ ഏത് വിഭാഗമാണ് കൈകാര്യം ചെയ്യുന്നത് ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-2-2014-ൽ കുറ്റ്യന്നൂർ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് വിളിച്ചുകൂട്ടിയ യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട് :

1. കർഷകർക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി കൊടുത്തു തീർക്കുന്നതിന് 2¼ ലക്ഷം രൂപ അനുവദിക്കുക.

2. ഓപ്പറേഷണൽ കോസ്റ്റ് 3 ലക്ഷം രൂപയുൾപ്പെടെ 5 ¼ ലക്ഷം രൂപ അനുവദിക്കുക.

3. പുതിയ ഒരു പിക്ക്അപ്പ് വാൻ അനുവദിക്കുക.

2013-14 സാമ്പത്തിക വർഷത്തിൽ കോട്ടയം കുറുപ്പന്തറ ജില്ല സംഭരണ വിപണന കേന്ദ്രത്തിനായി ട്രാൻസ്പോർട്ട് സബ്സിഡിയായി 1.75 ലക്ഷം രൂപയും ഓപ്പറേഷണൽ കോസ്റ്റിനായി 0.50 ലക്ഷം രൂപ അടക്കം ആകെ 2.25 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ കൂടുതൽ തുക കണ്ടെത്തുവാൻ സാധിച്ചില്ല. 2014-15 സാമ്പത്തിക വർഷം മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുറുപ്പന്തറ ജില്ല സംഭരണ വിതരണ കേന്ദ്രത്തിന് ട്രാൻസ്പോർട്ട് സബ്സിഡിക്കും ഓപ്പറേഷൻ ചെലവിനും ഒരു പിക്ക്അപ്പ് വാൻ വാങ്ങുന്നതുൾപ്പെടെ ആവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതുമാണ്.

(ബി) പരിഗണനയിലാണ്. ഫയൽ നമ്പർ 80470/AWC2/14/Fin

(സി) കൃഷി (എൻ.സി.എ.) വകുപ്പ് 25199/NCA2/14/AD

കർഷകഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം

222 (1661) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് നിർമ്മിച്ചിട്ടുള്ള കർഷക ഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിനു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതിനുവേണ്ടി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) 2011 ജൂൺ മുതൽ 2014 നവംബർ വരെ കർഷക ഭവനിൽ എത്ര കർഷകർ താമസിച്ചുവെന്നും ഇതുമൂലം കൃഷി വകുപ്പിന് എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly